**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3327** **15-02-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇരുപത് ശതമാനം തുക അനുവദിച്ച നിലമ്പൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ ഏതെല്ലാമായിരുന്നു എന്നറിയിക്കാമോ; | (എ) | നിലമ്പൂർ മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ 20% തുക അനുവദിച്ച പ്രവർത്തികൾ താഴെ ചേർക്കുന്നു.<br><br>PWD കോംപ്ലക്സ് നിർമ്മാണം - 300 ലക്ഷം<br><br>GLPS വാരിക്കൽ, കരുളായി കെട്ടിട നിർമ്മാണം - 100 ലക്ഷം<br><br>GLPS വീട്ടിക്കുത്ത്, നിലമ്പൂർ കെട്ടിട നിർമ്മാണം - 400 ലക്ഷം<br><br>GLPS മൂത്തേടം കെട്ടിട നിർമ്മാണം - 100 ലക്ഷം<br><br>ഗവ.മാനവേദൻ ജി.എച്ച്.എസ്.എസ്. നിലമ്പൂർ ലാബ് ബിൽഡിംഗ് നിർമ്മാണം - 200 ലക്ഷം. |
| (ബി) | 2023-24 ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II- ൽ പൊതുമരാമത്ത് ബിൽഡിംഗ് കോംപ്ലക്സ് നിർമ്മാണം (പേജ് നമ്പർ 43, ഇന നമ്പർ 645), മൂത്തേടം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് കെട്ടിട നിർമ്മാണം (പേജ് നമ്പർ 24, ഇനം നമ്പർ 345) എന്നീ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി എന്നത്തേക്ക് പുറപ്പെടുവിക്കാനാകുമെന്നും വിശദമാക്കാമോ; | (ബി) | പൊതുമരാമത്ത് ബിൽഡിംഗ് കോംപ്ലക്സ് നിർമ്മാണം, മൂത്തേടം ഗവൺമെന്റ് ഹയർസെക്കന്ററി കെട്ടിടനിർമ്മാണം എന്നീ പ്രവൃത്തികളുടെ ഭരണാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തിന്റെ ടോപ്പോഗ്രാഫിക്കൽ സർവ്വേ നടത്തിയിട്ടുണ്ട്. ആയതിന്റെ പ്ലാൻ പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ട് വിഭാഗത്തിൽ തയ്യാറാക്കി വരുന്നു. പ്ലാൻ പൂർത്തിയായാൽ ഉടൻ ഭരണാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണ്. |
| (സി) | 2024 മാർച്ച് 31-നകം പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായില്ലെങ്കിൽ അവയ്ക്ക് നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയ തുക റദ്ദാകുമോ എന്നും അറിയിക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തികൾക്ക് നടപ്പുസാമ്പത്തിക വർഷം ഭരണാനുമതി ലഭ്യമായില്ലെങ്കിലും വകയിരുത്തിയ തുക റദ്ദാകുന്ന സാഹചര്യം നാളിതുവരെ ഉണ്ടായിട്ടില്ല. മേൽ പ്രവൃത്തികളുടെ രൂപരേഖ ആർക്കിടെക്ട് വിഭാഗത്തിൽ തയ്യാറാക്കി വരുകയാണ്. |

സെക്ഷൻ ഓഫീസർ